"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - 170-ാമത് ചെമ്പഴന്തി ശ്രീനാരായണ ഗുരുജയന്തി ആഘോഷങ്ങൾക്ക് (2024 ആഗസ്റ്റ് 18 - 20) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.722/2024/TSM തീയതി,തിരുവനന്തപുരം, 23-12-2024

---

പരാമർശം:- 1. ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ.

2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 30.07.2024 18.11.2024 തീയതികളിലെ DOT/2399/2024-M1 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീനാരായണഗുരു ദേവന്റെ ജൻമദിനാഘോഷങ്ങളോടനുബന്ധിച്ച് 2024 ആഗസ്റ്റ് 18 മുതൽ 20 വരെ സംഘടിപ്പിച്ച 170 -ാമത് ചെമ്പഴന്തി ശ്രീനാരായണ ഗുരുജയന്തി ആഘോഷങ്ങൾക്ക് ധനസഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ജനറൽ സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. ഗുരുവിന്റെ ജന്മഗൃഹത്തിലെ ആഘോഷത്തിന്റെ അന്തർദേശീയ പ്രാധാന്യം കണക്കിലെടുത്ത് 3452-80-104-99-പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും അനുയോജ്യമായ തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹിക, സാംസ്ക്കാരിക, രാഷ്ട്രീയ, ആദ്ധ്യാത്മിക മേഖലയിലെ പ്രമുഖരെ പങ്കെടുപ്പിച്ചുകൊണ്ട്, 2024 ആഗസ്റ്റ് 18 മുതൽ 20 വരെ സംഘടിപ്പിച്ച 170-ാമത് ചെമ്പഴന്തി ശ്രീനാരായണ ഗുരുജയന്തി ആഘോഷങ്ങളുടെ ടൂറിസം പ്രാധാന്യം കണക്കിലെടുത്ത്, 3452-80-104-99 പൈതൃകം, പരിസ്ഥിതി, സംസ്കാരം എന്നിവയുടെ സംരക്ഷണവും നിലനിർത്തലും പരിപോഷണവും എന്ന

ശീർഷകത്തിൽ നിന്നും 3,00,000/-രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. ധനസഹായമായി അനുവദിച്ച തുകയുടെ ഓഡിറ്റ് ചെയ്ത വിനിയോഗ സർട്ടിഫിക്കറ്റ്, തുക കൈപ്പറ്റിയ തീയതി മുതൽ മൂന്നു മാസത്തിനകം ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ജനറൽ സെക്രട്ടറി വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, ആയതിന്റെ ആധികാരികത വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം
ചെമ്പഴന്തി ശ്രീനാരായണ ഗുരുകുലം ജനറൽ സെക്രട്ടറി( വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ, മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 / ഓഡിറ്റ് II ) കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം സബ് ട്രഷറി, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനു)
കരുതൽ ഫയൽ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Reena P P
Date: 23-12-2024 15:18:19
സെക്ഷൻ ഓഫീസർ

പകർപ്പ്:
1.ബഹു.വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2.വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ സി.എ്ക്ക്
3.വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ്ക്ക്